**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2958** **12-07-2022 - ൽ മറുപടിയ്ക്ക്**

**ജനകീയ മത്സ്യകൃഷി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി വിതരണം ചെയ്തുവരുന്ന ആസാം വാള മത്സ്യങ്ങൾക്ക് വിൽപ്പന സാധ്യത വളരെ കുറവാണെന്നും വില തീരെ ലഭിക്കാത്തതാണെന്നുമുള്ള കർഷകരുടെ വ്യാപകമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കേരളത്തിനു പൊതുവെ കടൽമത്സ്യങ്ങൾ പ്രിയമുള്ളതു കൊണ്ട് ശുദ്ധജല മത്സ്യങ്ങൾക്ക് വിപണിമൂല്യം കുറവാണ്. ആയതിനാൽ ശുദ്ധജല മത്സ്യകർഷകരുടെ മത്സ്യങ്ങൾ വിറ്റഴിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. |
| (ബി) | ആസാം വാള മത്സ്യക്കുഞ്ഞുങ്ങൾക്ക് പകരം രോഹു, കട്ല, തിലോപ്പി തുടങ്ങിയ ഇനം മത്സ്യക്കുഞ്ഞുങ്ങളെ ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി മത്സ്യകർഷകരുടെ താൽപര്യത്തിനും ആവശ്യത്തിനും അനുസരിച്ചുള്ള മത്സ്യ വിത്തിനങ്ങളെയാണ് നൽകി വരുന്നത്. ആസ്സാം വാളയ്ക്ക് പകരമായി കർഷകർ മറ്റ് ഇനങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് അനുവദിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2021-ൽ ആസാം വാള മത്സ്യകൃഷി നടത്തിയവരും 16-10-2021-ലെ അതിതീവ്രമഴ മൂലം ബണ്ട് പൊട്ടിയതിനെ തുടർന്ന് മത്സ്യകൃഷിക്കായി സ്ഥാപിച്ചിരുന്ന കാല്യകളും നെറ്റും തകർന്ന് മത്സ്യങ്ങൾ ഒഴുകിപ്പോയതിനെ തുടർന്ന് വലിയ നഷ്ടം സംഭവിച്ചവരുമായ കർഷകർക്ക് ധനസഹായം അനുവദിക്കുമോയെന്ന് വെളിപ്പെടുത്താമോ? | (സി) | മത്സ്യകർഷകർക്കുണ്ടാകുന്ന നാശ നഷ്ടം പരിഹരിക്കുന്നതിനായി, കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മാതൃകയിൽ മത്സ്യകൃഷി രംഗത്തും വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ